സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) :

(എ) വിലയിരുത്താറുണ്ട്.

(ബി) കേപ്പിന്റെ കീഴിലുള്ള 5 എഞ്ചിനീയറിംഗ് കോളേജുകളിലും കൊച്ചി സഹകരണ മെഡിക്കൽ കോളേജിലും കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ വികസന പ്രവർത്തനങ്ങൾ യഥാവിധി നടപ്പാക്കിവരുന്നു.

(സി) കേപ്പിന്റെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ എല്ലാ ബി.ടെക്. കോഴ്സുകൾക്കും എ. ഐ. സി. ടി. ഇ.-യുടെ അംഗീകാരം ഉണ്ട്. കൊച്ചി സഹകരണ മെഡിക്കൽ കോളേജിലെ എം. ബി. ബി. എസ്. കോഴ്സിന് ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

(ഡി) കേപ്പിന്റെ കീഴിൽ പുതിയതായി തിരുവനന്തപുരത്ത് വലിയതുറയിൽ കേരള മാരി ടൈം ഇൻസ്റ്റിറ്റ്യൂട്ട് എന്ന പേരിൽ ഒരു വിദ്യാഭ്യാസ സ്ഥാപനം തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നിലവിലുള്ള 5 എഞ്ചിനീയറിംഗ് കോളേജുകളിലും പുതിയതായി എം. ബി. എ./എം. സി. എ. കോഴ്സ് തുടങ്ങാൻ ഉദ്ദേശ്യമുണ്ട്. കൊച്ചി സഹകരണ മെഡിക്കൽ കോളേജിൽ 2005-06-ൽ നേഴ്സിംഗ് സ്കൂൾ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പടിപടിയായി ബി. എസ്സി. (നഴ്സിംഗ്), എം. എൽ. റ്റി. എന്നീ കോഴ്സുകൾ തുടങ്ങുവാനും ഉദ്ദേശ്യമുണ്ട്.

സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി

*13 [499] ശ്രീ. വി. ചെന്താമരാക്ഷൻ :
,, എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങളുടേയും ലബോറട്ടറി സൗകര്യങ്ങളുടേയും ശോചനീയമായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി ഈ സാമ്പത്തിക വർഷം (2004-05) ഇതുവരെ എന്ത് തുക ചെലവഴിച്ചു;

(ഡി) അടിസ്ഥാന-ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്ത് തുക കൂടി വേണമെന്നാണ് പ്ലാനിംഗ് കമ്മീഷൻ കണക്കാക്കിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 2005-06 വർഷം ഈ ഇനത്തിൽ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുള്ള തുക എത്ര?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്ളാൻഫണ്ട് വഴിയും നബാർഡ് വഴിയും ധനസഹായം ലഭ്യമാക്കി ഇക്കാര്യം പരിഹരിക്കുന്നതിന് ശ്രമിച്ചുവരുന്നു. കൂടാതെ ഈ ആവശ്യത്തിന് കേന്ദ്ര ബഡ്ജറ്റിലും പ്രത്യേകമായ അലോട്ട്മെന്റ് ലഭിക്കുവാനും സാധ്യതയുണ്ട്.

(സി) ലബോറട്ടറി സൗകര്യം മെച്ചപ്പെടുത്തുന്നതിന് (2004-05) സാമ്പത്തിക വർഷം 115.2 ലക്ഷം രൂപ വിവിധ സ്കൂളുകൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി ആന്റ് ഇ) ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് 2005-06 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി 650 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസ പദ്ധതിക്ക് കേന്ദ്ര സഹായം

*14 [500] ശ്രീ. മഞ്ഞളാംകുഴി അലി :
,, എം. വി. ജയരാജൻ :
,, മത്തായി ചാക്കോ :
,, പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം ഒരു പഠ്യ പദ്ധതിയായി നടപ്പിലാക്കുന്നതിനുള്ള നൂറ് ശതമാനം കേന്ദ്രാവിഷ്കൃതമായ ഒരു പദ്ധതി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ നടത്തിപ്പിനായി 2003-04 സാമ്പത്തിക വർഷം കേന്ദ്രത്തിൽ നിന്ന് കിട്ടിയ സഹായം എത്ര;

(സി) 2003-04-ൽ എന്ത് തുക ചെലവഴിച്ചു;

(ഡി) ഈ വർഷം ഈ പദ്ധതിക്ക് കേന്ദ്രത്തിൽ നിന്ന് എന്ത് തുക ലഭിച്ചു;

(ഇ) അടുത്ത സാമ്പത്തിക വർഷം ഈ പദ്ധതിക്കായി എന്ത് തുക വകയിരുത്തിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly